(ബി) 2003-2004 സാമ്പത്തിക വർഷത്തിൽ മഹിളാപ്രധാൻ ഏജന്റുമാർ ശേഖരിച്ച് നിക്ഷേപം ഏകദേശം 1250 കോടി രൂപയാണ്.

(സി) പ്രതിമാസ ശരാശരി 120 കോടി രൂപ (2004-2005) നിക്ഷേപം വരിക്കുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പോസ്റ്റൽ ജീവനക്കാർക്ക് കുറെ വർഷങ്ങളായി സംസ്ഥാന സർക്കാർ ഇൻസെന്റീവ് നൽകിവരുന്നുണ്ട്.

(എഫ്) ഏജൻസി വ്യവസ്ഥകളിൽ ചില മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നതുകൊണ്ട് തത്കാലത്തേയ്ക്ക് മാത്രമാണ് പുതിയ ഏജന്റുമാരുടെ നിയമനം നിർത്തിയിട്ടുള്ളത്.

പാക്കിംഗ് ആന്റ് കമ്മോഡിറ്റീസ് ആക്ടിൽ ഭേദഗതി വരുത്താൻ നടപടി

19 [3881] *ശ്രീ. വി. കെ. സി. മമ്മത്കോയ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാക്കിംഗ് ആന്റ് കമ്മോഡിറ്റീസ് ആക്ട് പ്രകാരം ഉൽപന്നങ്ങളിൽ നികുതി ഉൾപ്പെടയുള്ള വില രേഖപ്പെടുത്തണമെന്ന് നിലവിൽ നിഷ്ക്കർഷിച്ചിരിക്കുന്നത്, വാറ്റ് നടപ്പാകുന്നതോടെ എല്ലാ വിൽപനയിലും നികുതി ചുമത്തപ്പെടുന്നതിനാൽ നികുതി ഉൾപ്പെടെയുള്ള വില ഉൽപന്നങ്ങളിൽ രേഖപ്പെടുത്താൻ സാധിക്കാതെ വരുമെന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എല്ലാ വില്പനയിലും നികുതി ചുമത്തപ്പെടുന്നത് പാക്കിംഗ് ആന്റ് കമ്മോഡിറ്റീസ് ആക്ടിന്റ ലംഘനമാകുകയും കച്ചവടക്കാർ പീഡിപ്പിക്കപ്പെടാനും സാദ്ധ്യതയുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) പാക്കിംഗ് ആന്റ് കമ്മോഡിറ്റീസ് ആക്ട് പ്രകാരമാണ് ഉൽപന്നങ്ങളിൽ നികുതി ഉൾപ്പെടയുള്ള വില രേഖപ്പെടുത്തേണ്ടത്. അതുകൊണ്ടുതന്നെ നടപടികൾ ഈ വകുപ്പിനെ സംബന്ധിക്കുന്നവയല്ല. വസ്തുവിന്റെ മൂല്യത്തിൽ ഉൾപ്പെടുത്താതെ, നികുതി സുതാര്യമായി വേറെ തന്നെ കാണിക്കുന്ന തരത്തിലാണ് വാറ്റ് നിയമത്തിൽ ഇൻവോയിസ് രൂപകൽപന ചെയ്തിട്ടുള്ളത്.

(ബി) വാറ്റ് നിയമവും പാക്കിംഗ് ആന്റ് കമ്മോഡിറ്റീസ് ആക്ടും രണ്ട് വ്യത്യസ്തമായ നിയമങ്ങളാണെങ്കിലും ഭരണഘടനാനുസൃതമായി മാത്രമേ ഏതൊരു നിയമവും നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഒരു നിയമത്തിന്റെ പാലനം മറ്റൊരു നിയമത്തിന്റെ ലംഘനമാകുന്ന അവസ്ഥാവിശേഷം സൃഷ്ടിക്കപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുകയില്ല. വാറ്റ് നിയമത്തിന് എല്ലാ വിൽപനയിലും നികുതി ബാധകമാണെങ്കിലും മൂല്യവർദ്ധനവിനു മാത്രമേ നികുതി ചുമത്തുകയുള്ളൂ എന്നതിനാൽ പാക്കിംഗ് ആന്റ് കമ്മോഡിറ്റീസ് ആക്ടിന്റെ ലംഘനമാകുകയില്ല.

(സി) പാക്കിംഗ് ആന്റ് കമ്മോഡിറ്റീസ് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുവാനുള്ള അധികാരം വാണിജ്യ നികുതി വകുപ്പിന് ഇല്ല.

പുതുതായി നികുതി ഏർപ്പെടുത്തിയ മരുന്നിനങ്ങൾ

20 [3882] *ശ്രീ. ഇ. എം. അഗസ്തി:*
ടി. യു. രാധാകൃഷ്ണൻ:
എം. എ. ചന്ദ്രശേഖരൻ:
എൻ. ഡി. അപ്പച്ചൻ:
കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തിന്റെ ആരംഭം മുതൽ ഏതെല്ലാം മരുന്നിനങ്ങൾക്കാണ് പുതുതായി വില്പന നികുതി ഏർപ്പെടുത്തിയത്;

(ബി) അതുമൂലം മരുന്നിന്റെ ചില്ലറവിലയിൽ എന്തു വർദ്ധനവുണ്ടായി;

(സി) ജീവൻരക്ഷാ മരുന്നുകളുടെ വിൽപ്പന നികുതി കുറയ്ക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) കേരള ധനകാര്യ ബിൽ 2004 മുഖേന നടപ്പു സാമ്പത്തിക വർഷത്തിന്റെ ആരംഭം മുതൽ ജീവൻരക്ഷാ മരുന്നുകൾ ഒഴികെയുള്ള എല്ലാ മരുന്നുകളെയും കേരളാ പൊതുവില്പന നികുതി നിയമത്തിന്റെ ഒന്നാം പട്ടികയിൽ നിന്നും മാറ്റി 5-ാം പട്ടികയിൽ ഉൾപ്പെടുത്തുകയും അതുവഴി അവയുടെ വില്പനയിന്മേലുള്ള നികുതി ഈടാക്കൽ രണ്ട് തലത്തിലാക്കി പുനർനിർണ്ണയിക്കുകയും ചെയ്തു. ഇതുമൂലം മരുന്നുകളുടെ വിൽപ്പനയിന്മേൽ ഒരു തലത്തിൽ ഈടാക്കിയിരുന്ന നികുതി നിരക്കിൽ വ്യത്യാസം ഇല്ലാതെ രണ്ട് തലത്തിലേക്കു മാറ്റുകയാണ് ഉണ്ടായത്. അല്ലാതെ പുതിയ നികുതി ഒന്നും ഏർപ്പെടുത്തിയില്ല. എന്നാൽ പിന്നീട് പൊതുജനതാൽപര്യം മുൻനിറുത്തി പ്രസ്തുത ഭേദഗതി പിൻവലിക്കുകയും മരുന്നിന്മേലുള്ള നികുതി പഴയതു പോലെ തുടരാൻ തീരുമാനിക്കുകയും ചെയ്തു.

(ബി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) നിലവിലുള്ള വിൽപ്പന നികുതി നിയമ പ്രകാരം ജീവൻരക്ഷാ മരുന്നുകളെ നികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly